# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 856

07.02.2013 ൽ മറുപടിയ്ക്ക്

## പമ്പാ റിവർ അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പമ്പാ റിവർ അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകുമോ ; | (എ) പമ്പാ റിവർ അതോറിറ്റിയുടെ പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്.<br><br>1. പമ്പാനദിയുടെ ജലസ്രോതസ്സുകളെയും ജലാശയങ്ങളെയും നിലനിർത്താനുതകുന്ന വികസനത്തിനു വേണ്ടിയുള്ള നയങ്ങളും പദ്ധതികളും ആവിഷ്കരിക്കലും നാനാജീവികളടങ്ങുന്ന ജൈവസമൂഹത്തെയും പരിസ്ഥിതിയെയും അതിന്റെ ജനിതകവിഭിന്നതയോടുകൂടി സംരക്ഷിക്കുന്നതിനു വേണ്ടിയുമുള്ള ശാസ്ത്രീയമായ നടത്തിപ്പും നടപ്പാക്കുക.<br>2. പദ്ധതിയുടെ കീഴിൽ നടപ്പിലാക്കാനുള്ള വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രൊജക്ടുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.<br>3. പമ്പാ കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുക, പദ്ധതിയിൻ കീഴിൽ വരുന്ന പ്രൊജക്ടുകൾ നടപ്പിലാക്കുക.<br>4. പമ്പാനദിയുടെ ജലസ്രോതസ്സുകൾക്കും ജലാശയങ്ങൾക്കും ആഘാതം ഉണ്ടാക്കാവുന്ന പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തിനെയും കൈയ്യേറ്റത്തിനെയും നിയന്ത്രിക്കുകയോ, പരിമിതപ്പെടുത്തുകയോ ചെയ്യുക.<br>5. അതോറിറ്റിക്കുവേണ്ടി ഗ്രാന്റുകളും അംശാദായങ്ങളും, നിധികളും സ്വീകരിക്കുക<br>6. വകുപ്പുകളും മറ്റ് ഏജൻസികളും പരാജയപ്പെടുന്ന സാഹചര്യത്തിൽ പ്രൊജക്ട് പണികൾ സ്വയം ഏറ്റെടുക്കുക. |

7. അതോറിറ്റിയുടെ ഏതെങ്കിലും കാര്യം തീർപ്പാക്കുന്നതിനോ അതോറിറ്റിയുടെ ചുമതലകളെ സംബന്ധിച്ചുള്ള ഏതെങ്കിലും കാര്യത്തിൽ ഉപദേശം നൽകുന്നതിനോ വേണ്ടി അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും കമ്മറ്റിയെ നിയമിക്കുക.
8. ശരിയായ സംസ്കരണം കൂടാതെ മാലിന്യമോ ഏതെങ്കിലും വ്യാവസായിക ദ്രവമാലിന്യങ്ങളോ ഗാർഹിക ദ്രവമാലിന്യങ്ങളോ പമ്പാനദിയിലേയ്ക്ക് ഒഴുക്കി വിടുന്നത് നിയന്ത്രിക്കുക.
9. നിയമലംഘനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരിക.
10. പമ്പാനദിയിലും നദീതടങ്ങളിലും മലിനീകരണമുണ്ടായേക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കുക. നിലവിലുള്ള നിയമങ്ങൾക്കനുസരിച്ച് നിരോധനം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുക.
11. പമ്പാനദിയുടെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനു വേണ്ടിയുള്ള കാര്യക്ഷമമായ ഭരണനിർവ്വഹണത്തിനായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെടുക.
12. പമ്പാനദിയെ മാലിന്യവിമുക്തമാക്കി സംരക്ഷിക്കുന്നതിന് പ്രത്യേക ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുക.

(ബി) പമ്പാനദിയുമായി ബന്ധപ്പെട്ടുള്ള തീർത്ഥാടനം, സമ്മേളനം എന്നിവയുടെ സുഗമമായ പ്രവർത്തനത്തിനായി അതോറിറ്റി ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയായി ; ഇനി ഏതെല്ലാം പൂർത്തിയാകാനുണ്ട് ;

(ബി) & (സി) പമ്പാനദിയുടെയും നദിയുടെ ഇരുകരകളിലെ പഞ്ചായത്തുകളുടെയും മാലിന്യനിർമ്മാർജ്ജനത്തിനു വേണ്ടിയാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തത്. ഒന്നാംഘട്ടമായി ശബരിമലയും സന്നിധാനവും ഉൾപ്പെടുന്ന പ്രദേശത്തെ മാലിന്യനിർമ്മാർജ്ജന പ്രവൃത്തികൾക്ക് മാത്രമായി 18.45 കോടി രൂപയ്ക്ക് കേന്ദ്രസർക്കാർ അനുമതി നൽകുകയുണ്ടായി. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

18.45 കോടി രൂപ അനുവദിച്ചത് 12. പ്രവൃത്തികൾക്കായാണ്:

1. സന്നിധാനത്തിൽ 3 MLD സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്.

2. പമ്പയിലെ 1.5 MLD സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്.

3. പമ്പയിലും സന്നിധാനത്തിലുമുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അനുബന്ധ പണികൾ.
4. ശബരിമലയിൽ 300 കക്കൂസും പമ്പയിൽ 400 കക്കൂസും 100 കുളിമുറികളും.
5. ഖരമാലിന്യ സംസ്കരണം.
6. പമ്പയിലും സന്നിധാനത്തിലുമുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അനുബന്ധ പണികൾ.
7. ശബരിമലയിലും പമ്പയിലും മൊബൈൽ കക്കൂസുകൾ.
8. കക്കാത്തോടിലും ഒരുകുഴി തീർത്ഥം തോടിലും weir കളുടെ നിർമ്മാണം.
9, 10, 11. പമ്പയിൽ കുളിക്കടവ്, തടയണകൾ എന്നിവയുടെ നിർമ്മാണം.
12. പൊതുജന ബോധവൽക്കരണം.

സന്നിധാനത്തിൽ 5 MLD സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണവും അതുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികളും ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. ക്രമനമ്പർ 4, 5 എന്നിവ ദേവസ്വം ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. ശബരിമലയിലും പമ്പയിലും മൊബൈൽ കക്കൂസുകൾ പ്രായോഗികമല്ലായെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. ക്രമനമ്പർ (8) മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം മൂലം വേണ്ടെന്ന് വച്ചിട്ടുണ്ട്. പമ്പയിൽ (കുളിക്കടവ്, തടയണകൾ) 1.73 കോടി രൂപയുടെ പ്രവൃത്തികൾ ജലസേചന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ആകെ 7.68 കോടി രൂപയുടെ പണികൾ ഇതുവരെ പൂർത്തീകരിച്ചു.

(ഡി) ഇനി ഏതൊക്കെ പ്രവർത്തനങ്ങളാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ?

(ഡി) പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടാംഘട്ട പ്രവർത്തനത്തിൽ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചു കൊണ്ട് ഒരു റോഡ് മാപ്പ് യൂറോപ്യൻ യൂണിയന്റെ സഹായത്തോടു കൂടി തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പമ്പാ റിവർ ബേസിൻ അതോറിറ്റി പ്രോജക്ട് ഡയറക്ടറുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി ഒരു ഓഫീസ് പമ്പാനദിയുടെ തീരത്ത് സ്ഥാപിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. 950

കോടി രൂപയുടെ പ്രവൃത്തികൾ നടത്തുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് കേന്ദ്രസർക്കാരിൽ ആഗസ്റ്റ് 2011-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. പൊതുജനബോധവത്ക്കരണം, പമ്പാ നദിയുടെ ഇരുകരകളിലുമുള്ള തീർത്ഥാടകരുടെ സൗകര്യത്തിനായി ശൗചാലയങ്ങളും വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കൽ, ഖരമാലിന്യ സംസ്കരണം, ഓടകളുടെ നിർമ്മാണം, വനവൽക്കരണം, പാർക്കുകളുടെ നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം, നദിയുടെ ആഴം നിലനിർത്തുന്നതിനുള്ള പദ്ധതികൾ, നദികളുടെ അതിർത്തി നിർണ്ണയം, അതിര് കല്ല് സ്ഥാപിക്കൽ, വൈദ്യുതി ശ്മശാനങ്ങളുടെ നിർമ്മാണം, ബയോ മെഡിക്കൽ മാലിന്യങ്ങളുടെ സംസ്കരണ പദ്ധതി, ആധുനിക അറവുശാലകളുടെ നിർമ്മാണം, വൈദ്യുതി ലൈനുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2012-ൽ വന്ന സാഹചര്യത്തിൽ, അതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ ഉടൻ തന്നെ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ